നംകെ.എസ്.എ.പിറ്റി.എ.പി5/917/2019 തീയതി: 03.12.2019

**പത്തനംതിട്ട ജില്ലയിലെ ചെന്നീർക്കര ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്**

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം-വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

പത്തനംതിട്ട ജില്ലയിലെ ചെന്നീർക്കര ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 07.11.2018 മുതൽ 15.10.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | പി.കെ വിജയലക്ഷ്മി, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 16.10.2019 മുതൽ 29.10.2019 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി സി.വീണ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി ജയപ്രഭ.പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതിരാജശ്രീ.സി.ആർ | ഓഡിറ്റർ |

**(ബി)നിർവ്വഹണാധികാരികൾ**

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി കല അജിത്ത് | 01.04.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | ശ്രീ കൃഷ്ണകുമാർ സി.എസ്സ്., അസിസ്റ്റന്റ് സെക്രട്ടറി(സെക്രട്ടറിയുടെ അധിക ചുമതല) | 01.04.2018 മുതൽ 04.06.2018 FNവരെ |
| | ശ്രീ. ഹരികുമാർ ജി | 04.06.2018 AN മുതൽ 28.07.2018 വരെ |
| | ശ്രീ.കൃഷ്ണകുമാർ സി.എസ്സ്., അസിസ്റ്റന്റ് സെക്രട്ടറി (സെക്രട്ടറിയുടെ അധിക ചുമതല) | 29.07.2018 മുതൽ 12.08.2018 വരെ |
| | ശ്രീ. ഹരികുമാർ ജി | 13.08.2018 മുതൽ 31.03.2019 വരെ |
| **നിർവ്വഹണ ഉദ്യോഗസ്ഥർ** | | |
| **ഉദ്യോഗപ്പേര്** | **പേര്** | **കാലയളവ്** |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. കൃഷ്ണകുമാർ സി.എസ്സ് | 01.04.2018 മുതൽ |

| | | |
|---|---|---|
| | | 31.03.2019 വരെ |
| വെറ്ററിനറി സർജൻ | ഡോ. ഷേർളി ചെറിയാൻ | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ അലോപ്പതി | ഡോ. ജിന.ജി.തോമസ് | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ,ഹോമിയോ | ഡോ. പ്രീതി ഏലിയാമ്മ ജോൺ | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ ആയുർവേദം | ഡോ. വഹീദ റഹ്മാൻ. എ | 01.04.2018 മുതൽ 31.03.2019 വരെ |
| ഹെഡ് മിസ്ട്രസ്സ് | ശ്രീമതി വനജ.എം | 01.04.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ | ശ്രീമതി ശ്രീലത. എം.ആർ | 01.04.2018 മുതൽ 31.03.2019 വരെ |
| കൃഷി ഓഫീസർ | ശ്രീമതി ആൻസി.എം.സലീം | 01.04.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി സംഗീത പദ്മരാജൻ | 01.04.2018 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ്സ് സൂപ്പർവൈസർ | ശ്രീമതി സൗമ്യ | 01.04.2018 മുതൽ 31.03.2019 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി സുനിത ബീഗം | 01.04.2018 മുതൽ 31.03.2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ. കെ. പ്രദീപ് കുമാർ | 01.04.2018 മുതൽ 31.03.2019 വരെ |

**ഉള്ളടക്കം**


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| | ഓഡിറ്റ് റിപ്പോർട്ട് | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം(റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| 10 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-10 |
| 11 | തൊഴിൽ നികുതി ഈടാക്കിയില്ല | 1-11 |
| 12 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല | 1-12 |
| 13 | ഗ്രാമപഞ്ചായത്തിലെ എല്ലാ വാണിജ്യ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നില്ല | 1-13 |
| 14 | ടെണ്ടർ ഫീസ് തിരികെ ലഭിച്ചിട്ടില്ല | 1-14 |
| 15 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി-മാനദണ്ഡങ്ങൾ പാലിച്ചില്ല | 1-15 |
| 16 | ഷീ പാഡ് പദ്ധതി-തുക ചെലവഴിക്കാതെ ധനവിനിയോഗ സാക്ഷ്യ പത്രം നൽകി | 1-16 |
| 17 | ഇൻവോയ്സ് പ്രകാരമുള്ള സ്പെസിഫിക്കേഷൻ ഉറപ്പ് വരുത്താതെ ഫർണ്ണീച്ചറിന് തുക നൽകി | 1-17 |

| | | |
|---|---|---|
| 18 | തെരുവ് വിളക്ക് സ്ഥാപിക്കുന്നതിന് കൂലി നൽകൽ-പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 1-18 |
| 19 | സ്വീപ്പർമാർക്ക് ദിവസവേതനം നൽകുന്നതിന് വികസന ഫണ്ട് വിനിയോഗിച്ചു | 1-19 |
| 20 | എൽ.പി.സ്കൂൾ സ്മാർട്ട് ക്ലാസ്സ് റൂം പദ്ധതി-ലക്ഷ്യപ്രാപ്തിയിലെത്തിയില്ല | 1-20 |
| 21 | സർക്കാരിന്റെ നിർദ്ദേശത്തിന് വിരുദ്ധമായി ടെണ്ടർ കൂടാതെ ഉപകരണങ്ങൾ വാങ്ങി | 1-21 |
| 22 | മുൻകൂർ തുക നൽകി-നാളിതുവരെ മരുന്നുകളും ഉപകരണങ്ങളും ലഭ്യമായില്ല | 1-22 |
| 23 | ഗ്രാമസഭയുടെ അംഗീകാരം വാങ്ങാതെ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകി | 1-23 |
| 24 | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ-പ്രവൃത്തികൾ പൂർത്തീകരിച്ചില്ല | 1-24 |
| 25 | ടെണ്ടർ നടപടി ക്രമപ്രകാരമല്ല-കുറഞ്ഞ നിരക്കിലുള്ള ഉപകരണങ്ങൾ വാങ്ങിയില്ല | 1-25 |
| | ഭാഗം 2 | |
| | **വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| | നിരീക്ഷണങ്ങൾ ഇല്ല | |
| | ഭാഗം 3 | |
| | **ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| | നിരീക്ഷണങ്ങൾ ഇല്ല | |
| | ഭാഗം 4 | |
| | **പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 26 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 27 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 28 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 29 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 30 | വായ്പ/വായ്പാ തിരിച്ചടവ് | 4-5 |
| 31 | സ്ഥിര നിക്ഷേപം | 4-6 |
| 32 | ഓഡിറ്റ് റിക്കവറി | 4-7 |
| 33 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 34 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 35 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 36 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2018-19 ലെ ബജറ്റ് 19.03.2018 ലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് 29.01.2019 ലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2019 | 17.04.2019 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 9399939 |
| വരവ് | 61165439 |
| ആകെ | 70565378 |
| ചെലവ് | 58479926 |
| നീക്കിയിരിപ്പ് | 12085452 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 12577246 | 12577246 | 12577246 | 0 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 9243000 | 9243000 | 7010644 | 2232356 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 11143000 | 11143000 | 9711679 | 1431321 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 2780000 | 2780000 | 2311641 | 468359 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 7610693 | 7610693 | 4877113 | 2733580 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | 0 | 0 | 0 | 0 | 0 |
| സാക്ഷരത | | 365807 | 10008 | 375815 | 363807 | 12008 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 12055407 | 12055407 | 12055407 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 4521 | 284199 | 288720 | 283088 | 5632 |
| **കേന്ദ്രാവിഷ്കൃത ഫണ്ടുകൾ** | | | | | | |
| ടോട്ടൽ സാനിട്ടേഷൻ | | 1740000 | 1916856 | 3656856 | 1201142 | 2455714 |
| ഐ.സി.ഡി.എസ് | | 737727 | 272375 | 1010102 | | 1010102 |
| ഐ.സി.ഡി.എസ്-ഡബ്ല്യൂ.സി.ഡി.ഡി | | 456065 | 22000 | 478065 | 0 | 478065 |
| **സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ** | | | | | | |
| ഫ്ലഡ് റിലീഫ് ഗ്രാന്റ് | | 0 | 125000 | 125000 | 125000 | 0 |
| ശുചിത്വ മിഷൻ ഗ്രാന്റ് | | 17542 | 280000 | 297542 | 140000 | 157542 |
| വിമുക്തി | | 20494 | 25000 | 45494 | 21400 | 24094 |
| ശുചിത്വ മിഷൻ ഫണ്ട്-ടി.എസ്.സി | | 168000 | 0 | 168000 | 0 | 168000 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 120500 | 1145500 | 1266000 | 1020000 | 246000 |
| | ജില്ലാ പഞ്ചായത്ത് | 1 | 850000 | 850001 | 850000 | 1 |
| ബി ഫണ്ട് | | 0 | 164640 | 164640 | 164640 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | -601963 | 7977716 | 7375753 | 6463686 | 912067 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 6605799 | 5989912 | 12595711 | 6095476 | 6500235 |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 197 | 75989343 | 137 | 43717689 | 26 | 34 | 69.54 |

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 4521 | 284199 | 288720 | 283088 | 5632 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 12055407 | 12055407 | 12055407 | 0 |
| മെറ്റീരിയൽസ് | 0 | 915000 | 915000 | 915000 | 0 |
| ആകെ | 4521 | 13254606 | 13259127 | 13253495 | 5632 |

# 1-7 ക്ഷേമ പദ്ധതികൾ

തൻ വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 14640 | 12 |
| കർഷക തൊഴിലാളി പെൻഷൻ | 4473700 | 1029 |
| വിധവാ പെൻഷൻ | 7747100 | 1812 |
| വാർദ്ധക്യകാല പെൻഷൻ | 22119000 | 4999 |
| വികലാംഗ പെൻഷൻ | 2616800 | 599 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 244800 | 57 |
| വിവാഹ ധനസഹായം | 150000 | 5 |

# 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28.10.2019 03.30 pm-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 7503 രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 04.10.2019മുതൽ 05.10.2019 വരെ | 2019 മെയ് മുതൽ സെപ്റ്റംബർ വരെ | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 13.06.2018 മുതൽ 26.06.2018 വരെ | 2013-14മുതൽ 2017-18 വരെ | 26.07.2018 |

# 1-10 വാർഷിക കണക്കുകളിലെ അപാകതകൾ

1. വാർഷിക ധനകാര്യ പത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്) ചേർത്തിട്ടില്ല.

2. ഷെഡ്യൂൾ B1- ആകെ പഞ്ചായത്ത് ഫണ്ട്- ജനറൽ ഫണ്ട് മൈനസ് ആയി കാണിച്ചിരിക്കുന്നു.

3. ക്യാപ്പിറ്റൽ, റവന്യൂ ചെലവുകളുടെ വിഭജനം സാംഖ്യയിൽ ചേർത്തിട്ടില്ല. (ഷെഡ്യൂൾ B3 ഷെഡ്യൂൾ B11-മായി പൊരുത്തപ്പെടുന്നില്ല.)

4. വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി, എന്നിവിടങ്ങളിൽ ഡെപ്പോസിറ്റ് ചെയ്ത പ്രവൃത്തികളിൽ, പൂർത്തിയായവയുടെ പൂർത്തീകരണ സർട്ടിഫിക്കറ്റ് വാങ്ങി ഷെഡ്യൂൾ B-18 ലെ അഡ്വാൻസ് തുകയിൽ നിന്നും കുറവു വരുത്തിയിട്ടില്ല.

5. സഞ്ചയ സോഫ്റ്റ് വെയർ സാംഖ്യയുമായി പൊരുത്തപ്പെടുന്നില്ല.

# 1-11 തൊഴിൽ നികുതി ഈടാക്കിയില്ല

ഗ്രാമപഞ്ചായത്തിന്റെ പരിധിയിലെ 16 റേഷൻ കടകളിലെ ജീവനക്കാർ, പഞ്ചായത്തിലെ മരാമത്തു പ്രവൃത്തികൾ ചെയ്ത കരാറുകാർ എന്നിവരിൽ നിന്നും തൻവർഷം തൊഴിൽനികുതി ഈടാക്കിയിട്ടില്ല. ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന് 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ അനുശാസിക്കുന്നു. മേൽപ്പറഞ്ഞ വ്യക്തി/സ്ഥാപനങ്ങളിൽ നിന്ന് നിയമാനുസൃതം തൊഴിൽനികുതി ഈടാക്കാൻ നടപടി സ്വീകരിച്ചു വരികയാണെന്ന് ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (06/ 22.10.19) മറുപടി നൽകിയിട്ടുണ്ട്. നികുതി ഈടാക്കിയ ശേഷം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-12 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല

പഞ്ചായത്ത് പരിധിയിലെ ചുവടെ പറയുന്ന സ്ഥാപനത്തിൽ നിന്നും തൻവർഷം സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | മുളമൂട്ടിൽ ഫിനാൻസിയേഴ്സ് | I,II |

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (06/22.10.19) ടി സ്ഥാപനത്തിൽ നിന്നും നികുതി ഈടാക്കുന്നതിനുള്ള പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ചു വരുന്നതായി മറുപടി നൽകിയിട്ടുണ്ട്. സ്ഥാപനത്തിൽ നിന്നും സ്ഥാപന തൊഴിൽനികുതി ഈടാക്കിയ ശേഷം വിശദാംശം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

# 1-13 ഗ്രാമപഞ്ചായത്തിലെ എല്ലാ വാണിജ്യ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നില്ല

വസ്തുനികുതി നിർണ്ണയിക്കുന്നതിനുള്ള സഞ്ചയ സോഫ്റ്റ്വെയറിലെ വിവരങ്ങൾ പ്രകാരം വാണിജ്യ-വ്യാവസായിക ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന 773 കെട്ടിടങ്ങൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ നിലവിലുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| വാണിജ്യ ആവശ്യത്തിനുള്ള 100 ച.മീ വരെ തറ വിസ്തീർണമുള്ള ഹോട്ടൽ/ റസ്റ്റോറന്റുകൾ/ ഗോഡൗണുകൾ | 676 |
| വാണിജ്യ ആവശ്യത്തിനുള്ള 100 ച.മീ മുതൽ 200ച.മീ വരെ തറ വിസ്തീർണമുള്ള ഹോട്ടൽ/ റസ്റ്റോറന്റുകൾ/ ഗോഡൗണുകൾ | 10 |
| | |

| | |
|---|---|
| വാണിജ്യ ആവശ്യത്തിനുള്ള 200 ച.മീ വരെ തറവിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ് ഷോപ്പിംഗ് മാളുകൾ | 2 |
| ഓഫീസ് ആവശ്യത്തിനുള്ളവ(വ്യവസായ ശാലകളുടെ ഓഫീസ് കെട്ടിടം ഉൾപ്പെടെ) | 23 |
| വാണിജ്യാവശ്യത്തിനുള്ള ബങ്കുകൾ, പെട്ടിക്കടകൾ, കമ്പ്യൂട്ടർ സെന്റർ, ഫ്യൂവൽ സ്റ്റേഷൻ | 2 |
| വ്യവസായ ആവശ്യത്തിനുള്ള കൈത്തറിഷെഡ്/ കയർപിരി ഷെഡ് | 21 |
| ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ | 39 |
| ആകെ | 773 |

രജിസ്റ്റർ പ്രകാരം 2018-19 വർഷത്തിൽ 200 സ്ഥാപനങ്ങളാണ് പഞ്ചായത്തിന്റെ ലൈസൻസോടു കൂടി പ്രവർത്തിച്ചിട്ടുള്ളത് . സഞ്ചയയിലെ കണക്ക പ്രകാരം 16 കെട്ടിടങ്ങൾ മാത്രമാണ് പഞ്ചായത്ത് പരിധിയിൽ തൻവർഷം ഒഴിഞ്ഞു കിടന്നത്. ലൈസൻസ് അനുവദിച്ചവയുടെയും സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള വാണിജ്യ/വ്യാപാര/വ്യവസായ സ്ഥാപനങ്ങളുടെ കെട്ടിടങ്ങളുടെയും കണക്കുകൾ തമ്മിൽ വലിയ വ്യത്യാസം നിലനിൽക്കുന്നു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (09/24.10.19) 245 കെട്ടിട നമ്പറുകളിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുവെന്നും, ഒഴിഞ്ഞുകിടക്കുന്ന കെട്ടിടങ്ങളിലെ ഉടമസ്ഥർ വേക്കൻസി റമിഷനുള്ള അപേക്ഷ സമർപ്പിക്കാതെ കെട്ടിട നികുതി അടയ്ക്കുന്ന സാഹചര്യമാണുള്ളതെന്നും മറുപടി നൽകിയിട്ടുണ്ട്.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ലൈസൻസ് ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതു വിതരണ വകുപ്പിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 16 റേഷൻ കടകളിൽ ഒന്നും തന്നെ തൻവർഷം ലൈസൻസ് എടുത്തിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (09/24.10.19) പഞ്ചായത്തിന്റെ തുടരെയുള്ള നിർദ്ദേശത്തെ തുടർന്ന് 2019-20 വർഷം ഒരു ഡീലർ ലൈസൻസ് എടുത്തിട്ടുണ്ടെന്നും ബാക്കിയുള്ള റേഷൻ ഡീലേഴ്സിനെക്കൂടി ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായും മറുപടി നൽകിയിട്ടുണ്ട്. പഞ്ചായത്തു പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ വ്യാപാരസ്ഥാപനങ്ങളും ലൈസൻസ് എടുത്ത് പ്രവർത്തനം നിയമവിധേയമാക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

# 1-14 ടെണ്ടർ ഫീസ് തിരിക ലഭിച്ചിട്ടില്ല

28.09.2013 ലെ ജി.ഒ.(എം.എസ്) 318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി. ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാപഞ്ചായത്ത് എക്സി. എഞ്ചിനിയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമപ്പഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത് മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് പ്രസ്തുത അക്കൗണ്ടിൽ ഒടുക്കുന്നതിനും നിർദ്ദേശിച്ചിരുന്നു.

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 വർഷം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ ഒടുക്കിയത് തിരികെ വാങ്ങി പഞ്ചായത്ത് അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തിട്ടില്ല. തുകയുടെ വർഷം തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രവൃത്തികളുടെ എണ്ണം | ആകെ ഒടുക്കിയിട്ടുള്ള ടെണ്ടർ ഫീസ് | തിരികെ തനത് ഫണ്ടിൽ ക്രഡിറ്റ് ചെയ്ത തുക | ബാലൻസ് |
|---|---|---|---|
| 8 | 37300 | 0 | 37300 |

ടെണ്ടർ ഫീസ് ഇനത്തിൽ പഞ്ചായത്തിന് ലഭിക്കാൻ അവശേഷിക്കുന്ന തുക തിരികെ വാങ്ങുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയർ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-15 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി-മാനദണ്ഡങ്ങൾ പാലിച്ചില്ല

| | |
|---|---|
| പദ്ധതിയുടെ പേര് | ക്ഷീരസഹകരണ സംഘങ്ങൾ മുഖേന പാൽ നൽകുന്ന കർഷകർക്ക് സബ്സിഡി- S0057/19 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡയറി ഫാം ഇൻസ്ട്രക്ടർ |
| അടങ്കൽ തുക | വികസന ഫണ്ട് -300000<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം-600000 |
| ചെലവു തുക | 63840 (Bill no.GP1/18-19 dtd13.08.18)<br>56184 (Bill no.GP.2/18-19 dtd 24.09.18)<br>179976 (Bill no.GP6/18-19 dtd 05.02.19)<br>300000ചെക്ക് നം.2967694 dtd 18.03.19) |

ഗ്രാമപഞ്ചായത്തിലെ ക്ഷീര സംഘങ്ങൾ മുഖേന പാൽ നൽകുന്നവർക്ക് അധിക വരുമാനം നൽകുന്നതിനായി നടപ്പിലാക്കിയ പദ്ധതിയാണ് ഇത്. ആകെ 99 ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം നൽകിയിട്ടുള്ളത്. 1 ലിറ്റർ പാലിന് പരമാവധി 3 രൂപ നിരക്കിലാണ് സബ്സിഡി നൽകിയത്. ചെന്നീർക്കര, ചെന്നീർക്കര നോർത്ത്, തോട്ടപ്പുറം, ഐമാലി, വാര്യാപുരം എന്നീ ക്ഷീരോല്പ്പാദക സഹകരണ സംഘങ്ങളിൽ പാൽ നൽകിയവർക്കാണ് സബ്സിഡി നൽകിയത്.

ക്ഷീരസഹകരണസംഘങ്ങളിലെ സെക്രട്ടറിമാർ നൽകിയ പാലളവ് സ്റ്റേറ്റുമെന്റ് പ്രകാരമാണ് സബ്സിഡി നൽകിയത്. ചെന്നീർക്കര നോർത്ത്, തോട്ടപ്പുറം, ഐമാലി, എന്നീ ക്ഷീര സംഘങ്ങളിൽ നിന്നും നൽകിയ സ്റ്റേറ്റ്മെന്റിൽ സംഘം സെക്രട്ടറിമാർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആയതിനാൽ പാലളവിന്റെ കൃത്യത ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

ക്ഷീര സംഘങ്ങളിൽ നിന്നും ഏപ്രിൽ മുതൽ ഫെബ്രുവരി വരെയുള്ള പാലളവു സ്റ്റേറ്റുമെന്റുകൾ പരിശോധിച്ചതിൽ ക്ഷീര കർഷകർക്ക് പാലളവിനേക്കാൾ അധികരിച്ച് സബ്സിഡി നൽകിയെന്ന് കണ്ടു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമനം. | പേര് | ക്ഷീര സംഘം | പാലളവ്(ലിറ്റർ) | നൽകേണ്ട തുക | നൽകിയ തുക | വ്യത്യാസം |
|---|---|---|---|---|---|---|
| 1 | തുളസീ ഭായി | ചെന്നീർക്കര | 517.8 | 1553 | 3936 | 2383 |
| 2 | ടി.കെ. ബാബു | “ | 2293.4 | 6880 | 7230 | 350 |
| 3 | രാജമ്മ | “ | 2832.2 | 8497 | 12978 | 4481 |
| 4 | ഓമന സജി | “ | 1460 | 4380 | 8772 | 4392 |
| 5 | വിലാസിനി | തോട്ടുപുറം | 2118 | 6354 | 8496 | 2142 |
| 6 | ഓമന ഷാജി | “ | 31 | 93 | 7368 | 7275 |
| 7 | ശോശാമ്മ | “ | 1062 | 3186 | 3386 | 200 |

| | | | | | | |
|---|---|---|---|---|---|---|
| | വർഗ്ഗീസ് | | | | | |
| 8 | തമ്പിക്കുട്ടി | “ | 118 | 354 | 585 | 231 |
| 9 | തങ്കമ്മ തങ്കപ്പൻ | “ | 1772 | 5316 | 6798 | 1482 |
| 10 | തങ്കമണി | “ | 782 | 2346 | 8202 | 5856 |
| 11 | സൂര്യകല | “ | 154 | 462 | 873 | 411 |
| 12 | ഷീജ | “ | 116 | 348 | 4461 | 4113 |
| 13 | ഏലിയാമ്മ മാത്യൂ | “ | 370.1 | 1110 | 1527 | 417 |
| 14 | മേരിക്കുട്ടി ജോയി | വാര്യാപുരം | 2316 | 6948 | 8532 | 1584 |
| 15 | റോസമ്മ രാജു | “ | 9307 | 27921 | 44061 | 16140 |
| 16 | മേരിക്കുട്ടി ജോഷ്വാ | “ | 1566 | 4698 | 5517 | 819 |
| 17 | സലീം ദാമോദരൻ | “ | 24 | 72 | 144 | 72 |
| 18 | തങ്കമണി | ചെന്നീർക്കര നോർത്ത് | 2332.5 | 6998 | 10137 | 3139 |
| 19 | ശശി | “ | 541.7 | 1625 | 2223 | 598 |
| 20 | ശാരദ | “ | 393.7 | 1181 | 2007 | 826 |
| | **ആകെ** | | | | | **56911** |

മാത്രവുമല്ല ചെന്നീർക്കര, ചെന്നീർക്കര നോർത്ത്, തോട്ടപ്പുറം, ഐമാലി എന്നീ ക്ഷീര സംഘങ്ങളിൽ നിന്നും നൽകിയ സ്റ്റേറ്റ്മെന്റുകൾ ഓഡിറ്റിൽ പരിശോധിച്ചതിൽ, ഗുണഭോക്താക്കളുടെ ചില മാസങ്ങളിലെ പാലളവിൽ പ്രകടമായ അന്തരമുണ്ട്. പാലളവിന്റെ കൃത്യത ഉറപ്പാക്കുന്നതിന് ചെന്നീർക്കര ക്ഷീരോത്പാദക സംഘത്തിൽ 2018-19 ൽ പാൽ നൽകിയ കർഷകരുടെയും പാലളവിന്റെയും വിശദാംശങ്ങളടങ്ങിയ രജിസ്റ്റർ (പർച്ചെയ്സ് രജിസ്റ്റർ) ഹാജരാക്കുവാൻ ആവശ്യപ്പെടുകയും ആയത് പരിശോധിക്കുകയും ചെയ്തതിൽ പർച്ചെയ്സ് രജിസ്റ്റർ പ്രകാരം സംഘത്തിൽ അളന്ന പാലിന്റെ അളവും നിർവ്വഹണ ഉദ്യോഗസ്ഥയ്ക്ക് സംഘം സെക്രട്ടറി സാക്ഷ്യപ്പെടുത്തി നൽകിയ സ്റ്റേറ്റുമെന്റിലെ പാലിന്റെ അളവും തമ്മിൽ വലിയ വ്യത്യാസം ഉള്ളതായി കണ്ടെത്തി. ചെന്നീർക്കര ക്ഷീരോത്പാദക സംഘത്തിൽ പാൽ നൽകിയ ഏതാനും കർഷകരുടെ, ആനുകൂല്യം നൽകിയ മാസങ്ങളിലെ മുഴുവൻ ദിവസങ്ങളിലെയും രാവിലെയും വൈകുന്നേരവും പാലളന്നതിന്റെ വിശദാംശങ്ങൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തിയ വ്യത്യാസം ഉദാഹരണമായി താഴെ ചേർക്കുന്നു.

| പേര് | പാലളന്ന മാസം | ഹാജരാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം, അളവ്(ലിറ്റർ) | രജിസ്റ്റർ പ്രകാരം അളവ്(ലിറ്റർ) | അളവിലെ വ്യത്യാസം (ലിറ്റർ) |
|---|---|---|---|---|
| ലീല | ഫെബ്രുവരി | 1192.3 | 188.2 | 1004.1 |
| ലീലാമ്മ പി.സി. | ഫെബ്രുവരി | 1262.7 | 257.2 | 1005.5 |
| പുഷ്പസായകൻ | ഫെബ്രുവരി | 1230 | 186.2 | 1043.8 |
| രവീന്ദ്രൻ | ഫെബ്രുവരി | 1149.4 | 150.4 | 999 |
| സാറാമ്മ | ജനുവരി | 577.2 | 77.2 | 500 |

| | | | | |
|---|---|---|---|---|
| ഈപ്പൻ | | | | |
| സുഭാഷ് സി.റ്റി | ഫെബ്രുവരി | 1230.7 | 231 | 999.7 |
| ഗോപിനാഥൻ നായർ പി.ജി. | ജനുവരി | 464.9 | 64.9 | 400 |

കൂടാതെ ഒരു കർഷകന് ഒരു വർഷം നൽകാവുന്ന പരമാവധി തുക 40000 രൂപയാണ് (പഞ്ചായത്തിന്റേയും വകുപ്പിന്റേയും കൂടിയുള്ള ധനസഹായം) എന്നാൽ റോസമ്മാ രാജു എന്ന ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് സബ്സിഡി ആയി 44061 രൂപയാണ് നൽകിയിട്ടുള്ളത്. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (11/28.10.19) മറുപടി ലഭ്യമാക്കിയില്ല. പരമാവധി സബ്സിഡി തുകയിൽ അധികമായി നൽകിയ 4061 രൂപ തിരികെ ഈടാക്കേണ്ടതാണ്.

കൃത്യമായ പാലളവിന്റെ അടിസ്ഥാനത്തിലാണ് സബ്സിഡി അനുവദിക്കുന്നത് എന്നുറപ്പ് വരുത്തുന്നതിന്, സംഘങ്ങളിലെ പാലളവ് രജിസ്റ്ററും സബ്സിഡി ആനുകൂല്യത്തിന് ക്ഷീര സഹകരണ സംഘങ്ങൾ സമർപ്പിച്ച സ്റ്റേറ്റുമെന്റിലെ പാലളവ് വിവരങ്ങളും താരതമ്യപ്പെടുത്തി പരിശോധിച്ചതിൽ വ്യത്യാസം നിലനിൽക്കുന്നതായി ഓഡിറ്റിൽ ബോധ്യപ്പെട്ടു.ആയതിനാൽ പ്രസ്തുത രജിസ്റ്ററുകൾ,പാലളവ് സ്റ്റേറ്റുമെന്റുകൾ എന്നിവ പൊരുത്തപ്പെടുത്തി പരിശോധിച്ച് ആനുകൂല്യം നൽകുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. വിഷയത്തിൻ മേൽ വകുപ്പുതലത്തിൽ സമഗ്രമായ അന്വേഷണം നടത്തി സബ്സിഡി നൽകിയതിലെ കൃത്യത പരിശോധിച്ചുറപ്പ് വരുത്തുന്നതിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

# 1-16 ഷീ പാഡ് പദ്ധതി - തുക ചെലവഴിക്കാതെ ധനവിനിയോഗ സാക്ഷ്യപത്രം നൽകി

| | |
|---|---|
| പ്രോജക്ട് നം. | 39/2018-19 |
| പ്രോജക്ടിന്റെ പേര് | ഷീ പാഡ് |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ്സ് സൂപ്പർവൈസർ |
| അടങ്കൽ | 491600(വികസന ഫണ്ട്- പൊതു വിഭാഗം(സാധാരണ വിഹിതം)) |
| ചെലവ് തുക | 489764 (വികസന ഫണ്ട്- പൊതു വിഭാഗം(സാധാരണ വിഹിതം)) |
| ബിൽ നം/തീയതി, തുക | 844365/24.11.18, 244618<br>1416917/19.03.19, 245146 |

പഞ്ചായത്ത് പ്രദേശത്തെ 6 സ്കൂളുകളിൽ ഷീ പാഡുകൾ, അലമാര, ഇൻസിനറേറ്റർ എന്നിവ നൽകുന്നതിനാണ് പദ്ധതി തയ്യാറാക്കിയത്. കേരള വനിതാ വികസന കോർപ്പറേഷന്റെ മാർഗ്ഗ രേഖ അവലംബിച്ചാണ് പദ്ധതി നടപ്പാക്കിയിട്ടുള്ളത്. വനിതാ വികസന കോർപ്പറേഷന്റെ 26.02.2019ലെ kswdc/p5/she pad/lsgd/ptm/2018-19-ാം നമ്പർ കത്ത് പ്രകാരം ചുവടെ ചേർക്കുന്ന സ്കൂളുകളിൽ സാധന സാമഗ്രികൾ ലഭ്യമാക്കിയതായി അറിയിക്കുകയും ഇതേ തീയതിയിലെ ഇതേ നമ്പർ കത്ത് പ്രകാരം പദ്ധതിപ്പണം വിനിയോഗിച്ചതായി ധനവിനിയോഗ സർട്ടിഫിക്കറ്റ് പഞ്ചായത്തിന് നൽകുകയും ചെയ്തിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്കൂളിന്റെ പേര് | ഷീ-പാഡ് (16.71 രൂപ നിരക്കിൽ) | | അലമാര | | ഇൻസിനറേറ്റർ | |
|---|---|---|---|---|---|---|---|
| | | എണ്ണം | തുക | എണ്ണം | തുക | എണ്ണം | തുക |
| 1 | ഗവ. എച്ച്.എസ്സ്.എസ്സ് തുമ്പമൺ | 1104 | 18447.84 | 1 | 17380 | 1 | 25168 |
| 2 | ഗവ. എച്ച്.എസ്സ്.എസ്സ് | 1280 | 21388.8 | 1 | 17380 | 1 | 25168 |

| | | | | | | | |
|---|---|---|---|---|---|---|---|
| | ഉമ്പമൺ നോർത്ത് | | | | | | |
| 3 | എസ്.എൻ.ഡി.പി.എച്ച്.എസ്സ്.എസ്സ്, ചെന്നീർക്കര | 3200 | 53472 | 1 | 17380 | 1 | 25168 |
| 4 | എസ്.എൻ.ഡി.പി.എച്ച്.എസ്സ്., ചെന്നീർക്കര | 2240 | 37430.4 | 1 | 17380 | 1 | 25168 |
| 5 | എസ്.എൻ.ഡി.പി.എച്ച്.എസ്സ്.എസ്സ്, മുട്ടത്ത്കോണം | 1504 | 25131.84 | 1 | 17380 | 1 | 25168 |
| 6 | എസ്.എൻ.ഡി.പി.എച്ച്.എസ്സ്, മുട്ടത്ത്കോണം | 3664 | 61225.44 | 2 | 34760 | 1 | 25168 |
| ആകെ മൊത്തം | | 12992 | 217096.32 | 7 | 121660 | 6 | 151008 |
| ആകെ തുക | | 489764 | | | | | |

എന്നാൽ 22.10.2019 ൽ ഓഡിറ്റുമായി ബന്ധപ്പെട്ട് നടത്തിയ ഭൗതിക പരിശോധനയിൽ മുട്ടത്തുകോണം എസ്സ്.എൻ.ഡി.പി ഹയർ സെക്കന്ററി സ്കൂളിന് അലമാര, ഇൻസിനറേറ്റർ എന്നിവ ചെന്നീർക്കര ഗ്രാമപ്പഞ്ചായത്തിലെ പദ്ധതിയുമായി ബന്ധപ്പെട്ട് ലഭിച്ചിട്ടില്ല എന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. നിലവിൽ സ്കൂളിനു ലഭിച്ചിട്ടുള്ള അലമാര, ഇൻസിനറേറ്റർ ഇവ 2018-19 വർഷം ഇലന്തൂർ ബ്ളോക്ക് പഞ്ചായത്തിലെ പദ്ധതിയുമായി ബന്ധപ്പെട്ട് ലഭിച്ചിട്ടുള്ളതാണെന്ന് ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പൽ രേഖാമൂലം ഓഡിറ്റിൽ അറിയിച്ചിട്ടുണ്ട്. മറ്റു സ്കൂളുകൾ സാധന സാമഗ്രികൾ കൈപ്പറ്റിയതിന്റെ രേഖകൾ നിർവ്വഹണ ഉദ്യോഗസ്ഥ ഹാജരാക്കിയിട്ടുണ്ട്.

പദ്ധതി മാനദണ്ഡങ്ങൾ പ്രകാരം 200 വിദ്യാർത്ഥിനികൾക്ക് ഒരു ഇൻസിനറേറ്റർ, ഒരു അലമാര എന്നിവ പര്യാപ്തമാണ്. മുട്ടത്തുകോണം ഹയർ സെക്കന്ററി സ്കൂളിൽ നിലവിൽ 105 വിദ്യാർത്ഥിനികൾ മാത്രമാണ് പഠിതാക്കളായുള്ളത്. ബ്ളോക്ക് പഞ്ചായത്തിൽ നിന്നും നിലവിലുള്ള വിദ്യാർത്ഥികൾക്കാവശ്യമായ ആനുകൂല്യം ലഭ്യമായിട്ടുണ്ടെന്നിരിക്കെ പഞ്ചായത്തിൽ നിന്നും വീണ്ടും ആനുകൂല്യം നൽകേണ്ട ആവശ്യകത ഇല്ല. 1504 ഷീ പാഡുകൾ മാത്രമാണ് ഗ്രാമപ്പഞ്ചായത്തിന്റെ പദ്ധതിയിൽപ്പെടുത്തി ഈ സ്കൂളിന് ലഭിച്ചിട്ടുള്ളതെന്നിരിക്കെ ഇൻസിനറേറ്റർ, അലമാര എന്നിവ ലഭ്യമാക്കുന്നതിനായി വനിതാ വികസന കോർപ്പറേഷന് നൽകിയ 42548 രൂപ(17380+25168)തിരികെ ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (07/22.10.2019) മറുപടിയായി , നാളിതുവരെ ലഭ്യമാക്കാത്ത സാധനങ്ങൾ വിതരണം നടത്തേണ്ട എന്നു കാണിച്ച് വനിതാ വികസന കോർപ്പറേഷന് കത്ത് നൽകിയിട്ടുണ്ടെന്നും നൽകിയ തുക തിരികെ ഈടാക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റി മുഖേന നടപടി സ്വീകരിക്കുന്നതാണെന്നും നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. തുക തിരികെ ഈടാക്കിയ ശേഷം വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-17 ഇൻവോയ്സ് പ്രകാരമുള്ള സ്പെസിഫിക്കേഷൻ ഉറപ്പ് വരുത്താതെ ഫർണ്ണീച്ചറിന് തുക നൽകി

| പ്രോജക്റ്റ് നം. | 92/2019 |
|---|---|
| പ്രോജക്ടിന്റെ പേര് | ഗ്രാമ പഞ്ചായത്ത് ഓഫീസ്-ക്യൂബിക്കിൾ നിർമ്മാണം |
| അടങ്കൽ | 2500000-തനത് ഫണ്ട് |
| ചെക്ക് നം/തീയതി, ചെലവ് തുക | 2764227/30.03.2019-1395250<br>54901/30.03.2019 - 1104750 |

പഞ്ചായത്തിന്റെ ഫർണ്ണീഷിംഗുമായി ബന്ധപ്പെട്ട് മാവേലിക്കരയിലുള്ള സിഡ്‌ക്കോ വുഡ് യൂണിറ്റിന് 2500000 രൂപ നൽകിയിട്ടുണ്ട്. ലഭ്യമാക്കിയ ഫർണ്ണിച്ചർ പരിശോധിച്ചതിൽ ടാക്സ് ഇൻവോയ്സ് പ്രകാരം 18 എണ്ണം “L shaped table” -ന് തുക നൽകിയിരുന്നുവെങ്കിലും 17 എണ്ണം മാത്രമാണ് ഭൗതിക പരിശോധനയിൽ കണ്ടെത്തിയത്. 30.03.2019ലെ GST/122-ാം നമ്പർ ഇൻവോയ്സ് ക്രമനം-7പ്രകാരമുള്ള L shape table(59415രൂപയുടേത്) ലഭിച്ചിട്ടില്ല. ടി തുക ഓഡിറ്റിൽ അനുവദിക്കുന്നില്ല. തുക സ്ഥാപനത്തിൽ നിന്നും തിരികെ ഈടാക്കേണ്ടതും വിവരം ഓഡിറ്റിനെ ബോദ്ധ്യപ്പെടുത്തേണ്ടതുമാണ്.

ബില്ലിൽ ഉൾപ്പെടുത്തിയിട്ടുള്ള സ്പെസിഫിക്കേഷൻ പ്രകാരം സപ്ലൈ ചെയ്ത L shape ടേബിളുകളിലും Teak wood table (180x60x75 cm) ലും "Eched Glass”ഘടിപ്പിക്കേണ്ടിയിരുന്നു. ലഭ്യമാക്കിയ 7 L shape ടേബിളുകളിലും 40816 രൂപയുടെ Teak wood table (180x60x75 cm (Tax Invoice no-GST/122 Sl.no-5))ലും ഗ്ലാസ്സ് ഘടിപ്പിച്ചിട്ടില്ല. കൃത്യമായ സപെസിഫിക്കേഷനിലാണോ ഫർണ്ണീച്ചർ സപ്ലൈ ചെയ്തിട്ടുള്ളത് എന്ന് പരിശോധിച്ച് ഉറപ്പാക്കുന്നതിന് മുൻപ് തന്നെ പദ്ധതി തുക പൂർണ്ണമായും പിൻ വലിച്ച് സ്ഥാപനത്തിന് നൽകിയത് ക്രമവിരുദ്ധമായ നടപടിയാണ്. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (14/28.10.2019) ലഭിച്ച മറുപടിയിൽ അപാകതകൾ അടിയന്തിരമായി പരിഹരിച്ച് 30 ദിവസത്തിനകം ഓഡിറ്റിൽ അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അപാകതകൾ പരിഹരിച്ച് ഭൗതിക പരിശോധനയ്ക്ക് വിധേയമാക്കി പരാമർശം തീർപ്പാക്കുന്നത് വരെ ഏഴ് L shape table-കൾക്കും Teak wood table-നും ആയി ചെലവഴിച്ച 487141 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-18 തെരുവ് വിളക്ക് സ്ഥാപിക്കുന്നതിന് കൂലി നൽകൽ- പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം. | എസ്.0077/2019 |
| പ്രോജക്ടിന്റെ പേര് | എൽ.ഇ.ഡി തെരുവ് വിളക്ക് സ്ഥാപിക്കൽ-കൂലി നൽകൽ |
| അടങ്കൽ | 245000(വികസന ഫണ്ട്-ധനകാര്യ കമ്മീഷൻ അവാർഡ്)+192500(തനത് ഫണ്ട്) |
| ചെക്ക് നം/തീയതി<br>ചെലവ് തുക | 2764226/30.03.2019<br>151242 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

എൽ.ഇ.ഡി തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിന് ഓഡിറ്റ് വർഷം നടപ്പാക്കിയ പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ പദ്ധതി നിർവ്വഹണത്തിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

- പഞ്ചായത്ത് പ്രദേശത്തെ തെരുവ് വിളക്കുകളെ സംബന്ധിച്ച് വാർഡ് തിരിച്ച് ഇലക്ട്രിക് പോസ്റ്റുകളുടെ നമ്പർ ഉൾപ്പെടുത്തി ഒരു രജിസ്റ്റർ തയ്യാറാക്കേണ്ടിയിരുന്നുവെങ്കിലും നിലവിൽ തയ്യാറാക്കിയിട്ടുള്ള രജിസ്റ്ററിൽ ഓരോ വാർഡിലേയും പോസ്റ്റുകളുടെ ആകെ എണ്ണം മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. സംയുക്ത പരിശോധന നടത്തി പോസ്റ്റുകളുടെ വിവരം കൃത്യമാക്കേണ്ടതാണ്.

- പദ്ധതി ആവിഷ്കരിക്കുന്നതിന് മുന്നോടിയായി പഞ്ചായത്ത് പ്രദേശത്ത് സ്ഥാപിക്കേണ്ടതായ തെരുവ് വിളക്കുകളുടെ എണ്ണം സംബന്ധിച്ച് കെ.എസ്.ഇ.ബി അധികൃതരുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി റിപ്പോർട്ട് തയ്യാറാക്കേണ്ടതും ആവശ്യകതയ്ക്ക് അനുസൃതമായി വാങ്ങേണ്ട തെരുവ് വിളക്കുകളുടെ എണ്ണം നിജപ്പെടുത്തേണ്ടതായിരുന്നെങ്കിലും അപ്രകാരം ചെയ്തിട്ടില്ല. ആയതിനാൽ പോസ്റ്റുകളിൽ സ്ഥാപിക്കാനായി 118/2019-നമ്പർ പ്രോജക്ട് പ്രകാരം വാങ്ങിയ 3500 തെരുവ് വിളക്കുകളുടെ ആവശ്യകത ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.

- വിളക്കുകൾ സ്ഥാപിക്കുന്നതിനായി 1.10.2018 ൽ ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. ആദ്യ ടെണ്ടറിൽ പോസ്റ്റൊന്നിന് ഇൻസ്റ്റലേഷൻ ചാർജ്ജായി 70 രൂപയായിരുന്നു ടെണ്ടർ ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരുന്നത്. 17.10.2018ൽ പ്രിയങ്ക ഇലക്ട്രിക്കൽസ് , കൈപ്പട്ടൂർ എന്ന സ്ഥാപനം 68രൂപയും പവർ ടെക്ക് ഇലക്ട്രിക്കൽസ് , പ്രക്കാനം എന്ന സ്ഥാപനം 69.95 രൂപയും ക്വോട്ട് ചെയ്തിരുന്നുവെങ്കിലും പ്രസ്തുത ടെണ്ടറുകൾ അംഗീകരിക്കാതെ 2.11.2018-ൽ റീ ടെണ്ടർ ചെയ്തിട്ടുണ്ട്. റീ ടെണ്ടറിൽ കുറഞ്ഞ നിരക്കായ 121 രൂപ ക്വോട്ട് ചെയ്ത pneuma lightings ന്റെ ടെണ്ടർ അംഗീകരിക്കുകയാണുണ്ടായത്. ആദ്യ ടെണ്ടർ വേളയിൽ ലഭിച്ച ടെണ്ടറുകൾ നിരസിക്കാനുണ്ടായ കാരണം പഞ്ചായത്ത് കമ്മിറ്റിയുടെ മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടില്ല. പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിട്ട്സിലും പ്രസ്തുത വിഷയം സംബന്ധിച്ച് പരാമർശമില്ല. റീ ടെണ്ടർ നടത്താനുണ്ടായ സാഹചര്യം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം-8/24.10.2019) ലഭ്യമാക്കിയ മറുപടിയിൽ ടെണ്ടറിനോടൊപ്പം EMD, പ്രാഥമിക കരാർ എന്നിവ ഉൾപ്പെടുത്താത്തതിനാലാണ് പ്രിയങ്ക ഇലക്ട്രിക്കൽസ്, കൈപ്പട്ടൂർ എന്ന സ്ഥാപനത്തിന്റെ ടെണ്ടർ പരിഗണിക്കാതിരുന്നതെന്ന് അറിയിച്ചിട്ടുണ്ട്.

- സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ 05.01.2019 ൽ 1800 ലൈറ്റുകളും 06.03.2019 ൽ 1700 ലൈറ്റുകളും പോസ്റ്റുകളിൽ സ്ഥാപിക്കുന്നതിന് pneuma lightings ന് കൈമാറിയിട്ടുണ്ട്. 2018-19 ൽ 1250 ലൈറ്റുകൾ മാത്രമേ സ്ഥാപിച്ചിട്ടുള്ളൂ എന്നും ആകെയുള്ള 14വാർഡുകളിൽ 2,3,4,9,12 എന്നീ വാർഡുകളിൽ മാത്രമാണ് തെരുവ് വിളക്കുകൾ സ്ഥാപിച്ചിട്ടുള്ളതെന്നും വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രത്തിൽ നിന്നും വ്യക്തമായിട്ടുണ്ട്. സ്ഥാപിച്ച ലൈറ്റുകൾ സംബന്ധിച്ച് സാക്ഷ്യപത്ര പ്രകാരമുള്ള വിവരം ചുവടെ ചേർക്കുന്നു.

| വാർഡ് നം | ലൈറ്റുകളുടെ എണ്ണം |
|---|---|
| 2 | 250 |
| 3 | 250 |
| 4 | 250 |
| 9 | 250 |
| 12 | 250 |
| ആകെ | 1250 |

1250 ലൈറ്റുകൾ സ്ഥാപിച്ചത് സംബന്ധിച്ച് കെ.എസ്.ഇ.ബി അധികൃതരുടെ സാക്ഷ്യപത്രം വാങ്ങാതെയാണ് Pneuma lightings ന് കൂലിയായി ഒരു വിളക്കിന് 121 രൂപാ നിരക്കിൽ 151242രൂപ നൽകിയിട്ടുള്ളത്.

- അവശേഷിക്കുന്ന ലൈറ്റുകൾ സ്ഥാപിക്കുന്നതിനും ആയതിന് കൂലി നൽകുന്നതിനും പദ്ധതി സ്പിൽ ഓവറാക്കുകയും മേൽ സൂചിപ്പിച്ചത് കൂടാതെയുള്ള ബാക്കി 10 വാർഡുകളിലും നിലവിൽ ലൈറ്റുകൾ സ്ഥാപിച്ചതായി വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കുകയും ചെയ്തിട്ടുണ്ട്. കെ.എസ്.ഇ.ബി യിൽ നിന്ന് പദ്ധതിയുടെ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. പൂർത്തീകരണ സാക്ഷ്യപത്രം കെ.എസ്.ഇ.ബിയിൽ നിന്നും ലഭ്യമാക്കിയതിന് ശേഷം സ്ഥാപനത്തിന് അവശേഷിക്കുന്ന പ്രതിഫലം നൽകേണ്ടതാണ്.

- തെരുവ് വിളക്കുകൾ സ്ഥാപിക്കുന്ന വേളയിൽ പ്രവർത്തനരഹിതമായ വിളക്കുകളും അനുബന്ധ ഉപകരണങ്ങളും പോസ്റ്റിൽ നിന്ന് മാറ്റി പഞ്ചായത്തിൽ തിരികെ ഏൽപ്പിക്കേണ്ടതും ആയതിന്റെ വിവരം പ്രത്യേകമായി ഒരു രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതുമായിരുന്നു. എന്നാൽ പ്രവർത്തന രഹിതമായ വിളക്കുകൾ മാറ്റാതെ പോസ്റ്റിൽ നിലനിർത്തുകയാണുണ്ടായത്. എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ചെന്നീർക്കര പഞ്ചായത്തിൽ തെരുവ് വിളക്ക് പരിപാലനം അടാട്ട് മാതൃകയിലല്ല ചെയ്തു വരുന്നതെന്നും 07.05.2018 ലെ കെ.എസ്.ഇ.ബി യുടെ BO(FTD) 1189/2019(DCD&RT)/D6-AE3/ULD/2018-ാം നമ്പർ ഉത്തരവിലെ നിരക്കുകൾക്ക് അനുസൃതമായാണെന്നും ആയത് പ്രകാരം തെരുവ് വിളക്കുകൾ അഴിച്ച് മാറ്റുന്നതിന് 92 രൂപ നിരക്കിൽ 3500 വിളക്കുകൾക്ക് 322000രൂപ കൂടി ആവശ്യമുണ്ടെന്നും ടി തുക ചെലവഴിക്കുന്നതിനുള്ള സാമ്പത്തിക ഭദ്രത പഞ്ചായത്തിന് ഇല്ല എന്നും അറിയിച്ചിട്ടുണ്ട്.

സാമ്പത്തിക ഭദ്രത ഇല്ലാത്ത സാഹചര്യത്തിൽ, പഞ്ചായത്ത് ഡയറക്ടറുടെ 17.08.2015ലെ ജി2-44274/2015-ാം നമ്പർ നടപടി ക്രമ പ്രകാരം അടാട്ട് മാതൃകയിൽ പദ്ധതി നടപ്പാക്കുന്നതായിരുന്നു ഉചിതം. പോൾ ഒന്നിന് 100 രൂപ നിരക്കിലോ ദിവസ വേതനാടിസ്ഥാനത്തിൽ ഇലക്ട്രീഷ്യനെ നിയമിക്കുമ്പോൾ 850 രൂപ നിരക്കിൽ (പരമാവധി 2 പേർ) ഒരു ദിവസം 15നും 25നും ഇടയിലുള്ള എണ്ണം പോസ്റ്റുകൾ റിപ്പയർ ചെയ്യുന്ന രീതിയിലോ പദ്ധതി നടപ്പാക്കാമായിരുന്നു. അടാട്ട് മാതൃകയിലും പഞ്ചായത്ത് നിലവിൽ അവലംബിച്ച് വരുന്ന രീതിയിലും തെരുവ് വിളക്കുകളുടെ പരിപാലനത്തിന് നിരക്കുകൾ നൽകുമ്പോൾ ചെലവിൽ വൻ വ്യത്യാസം ആണ് ഉണ്ടാകുന്നത്. പുതിയത് സ്ഥാപിക്കുന്നതിനും ഉപയോഗ ശൂന്യമായവ തിരികെ പഞ്ചായത്തിൽ ഏൽപിക്കുന്നതിനുമുൾപ്പെടെ അടാട്ട് മാതൃകയിൽ പോൾ ഒന്നിന് 100 രൂപ ചെലവ് മാത്രമേ ഉണ്ടാകൂ. എന്നാൽ കെ.എസ്.ഇ.ബിയുടെ നിരക്ക് പ്രകാരം 209 രൂപ പുതിയ വിളക്കുകൾ സ്ഥാപിക്കുന്നതിനും 92 രൂപ പഴയ വിളക്കുകൾ അഴിച്ച് മാറ്റുന്നതിനും ചെലവഴിക്കേണ്ടതായി വരുന്നു. ഇക്കാരണത്താൽ നിലവിൽ അവലംബിച്ച് വരുന്ന രീതി അനുസരിച്ച് അടാട്ട് മാതൃകയെക്കാളും ഇരട്ടിയിലധികം തുക പുതിയവ സ്ഥാപിക്കുന്നതിനും പഴയവ മാറ്റുന്നതിനുമായി പഞ്ചായത്തിന് ചെലവഴിക്കേണ്ടി വരുന്ന സ്ഥിതി വിശേഷമാണുള്ളത്.

തനത് വരുമാനം കുറവുള്ള പഞ്ചായത്തിൽ പദ്ധതി നടപ്പാക്കുമ്പോൾ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിന് ചെലവ് കുറഞ്ഞ മാർഗ്ഗങ്ങൾ അവലംബിക്കാവുന്നതും പഞ്ചായത്തിന്റെ സാമ്പത്തിക ഭദ്രത ഉറപ്പാക്കാവുന്നതുമാണ്. എന്നാൽ നിർവ്വഹണോദ്യോഗസ്ഥനോ പഞ്ചായത്ത് ഭരണ സമിതിയോ ബന്ധപ്പെട്ട് വർക്കിംഗ് ഗ്രൂപ്പോ പ്രൊക്യൂർമെന്റ് കമ്മിറ്റി അംഗങ്ങളോ ഇപ്രകാരമൊരു ആശയം മുന്നോട്ട് വച്ചിട്ടില്ല. ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കേണ്ടതും പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ ധന വിനിയോഗം പഞ്ചായത്തിന്റെ സാമ്പത്തിക താൽപര്യങ്ങൾ സംരക്ഷിക്കുന്ന തരത്തിൽ ആയിരിക്കാനും ശ്രദ്ധിക്കേണ്ടതുമാണ്. കെ.എസ്.ഇ.ബി അധികൃതരിൽ നിന്നും പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതും പ്രസ്തുത വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-19 സ്വീപ്പർമാർക്ക് ദിവസ വേതനം നൽകുന്നതിന് വികസന ഫണ്ട് വിനിയോഗിച്ചു

ദിവസവേതന അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട സ്വീപ്പർമാർക്ക് വേതനം നൽകുന്നതിന് വികസന ഫണ്ടിൽ നിന്നും 1.4 ലക്ഷം രൂപ ചെലവഴിച്ചു. ചെന്നീർക്കര കുടുംബാരോഗ്യ കേന്ദ്രത്തിൽ ദിവസവേതന അടിസ്ഥാനത്തിൽ താല്ക്കാലികമായി നിയമിക്കപ്പെട്ട രണ്ട് സ്വീപ്പർമാർക്ക് 2018 ജൂൺ മാസം മുതൽ 2019 മാർച്ച് മാസം വരെയുള്ള കാലയളവിൽ വേതനം നൽകുന്നതിന് പ്രതിമാസം 14000രൂപ വീതം (7000X2) ആകെ 140000 രൂപ വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്.(സിസ്റ്റ.എസ്സ്, ചരിവുകാലായിൽ, മുട്ടത്തുകോണം, ബിന്ദു, മൈല നിൽക്കുന്നതിൽ വീട്, മാത്തൂർ) തുക നൽകിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ബിൽ നമ്പർ/തീയതി | തുക |
|---|---|---|
| 1. | 459008/21.03.2019 | 14000 |
| 2. | 313777/07.03.2019 | 14000 |
| 3. | 193143/13.02.2019 | 14000 |
| 4. | 031306/07.01.2019 | 14000 |
| 5. | 922387/12.12.2018 | 14000 |
| 6. | 765542/08.11.2018 | 14000 |
| 7. | 612509/08.10.2018 | 14000 |
| 8. | 514686/11.09.2018 | 14000 |
| 9. | 411847/08.08.2018 | 14000 |
| 10. | 299777/09.07.2018 | 14000 |
| ആകെ | | 140000 |

പതിമൂന്നാം പഞ്ചവത്സര പദ്ധതി പ്രകാരം 2018-19-ൽ പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ( ഉത്തരവ് നമ്പർ 11/2018 തീയതി 29.01.2018) ഖണ്ഡിക 7.7.1(6), സബ്സിഡി മാർഗ്ഗരേഖ(ഉത്തരവ് നമ്പർ 22/2018 തീയതി 14.02.2018) ഖണ്ഡിക 7.5.2 എന്നിവ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട ആശുപത്രികളിൽ പ്രത്യേക സാഹചര്യങ്ങളിൽ ഡോക്ടറേയും പാരാമെഡിക്കൽ സ്റ്റാഫിനേയും കരാറടിസ്ഥാനത്തിൽ നാഷണൽ ഹെൽത്ത് മിഷൻ മാനദണ്ഡങ്ങൾ പ്രകാരം നിയമിക്കാവുന്നതും വേതനം വികസന ഫണ്ടിൽ നിന്നും നൽകാവുന്നതുമാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ സ്വീപ്പർമാരെ നിയമിച്ച് വികസന ഫണ്ടിൽ നിന്നും വേതനം നൽകുന്നതിന് വ്യവസ്ഥയില്ല.

ആശുപത്രിയുടെ സുഗമമായ പ്രവർത്തനത്തിന് സ്വീപ്പർമാരുടെ സേവനം അനിവാര്യമാണെങ്കിൽ അനുവദനീയമായ മറ്റു ഫണ്ടുകൾ ഉപയോഗിച്ച് വേതനം നൽകേണ്ടതാണ്. വരും വർഷങ്ങളിൽ അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-20 എൽ.പി.സ്കൂൾ സ്മാർട്ട് ക്ലാസ് റൂം പദ്ധതി- ലക്ഷ്യപ്രാപ്തിയിലെത്തിയില്ല

| | |
|---|---|
| പദ്ധതിയുടെ പേര് | എൽ.പി.സ്കൂൾ സ്മാർട്ട് ക്ലാസ് റൂം, പ്രോജക്ട് നം S0184/19 |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഹെഡ്മിസ്ട്രസ്സ് |
| അടങ്കൽ തുക | മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) -191000 |
| ചെലവു തുക | 168990 (Bill no.1/18-19 dtd 16.05.18) |

ഹെഡ്മിസ്ട്രസ്സ് നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ എൽ.പി.സ്കൂൾ സ്മാർട്ട് ക്ലാസ് റൂം (പ്രോജക്ട് നം S0184/19 ( 17-18-ൽ ബിൽ തുക മാറാത്തതിനാൽ സ്പിൽ ഓവർ പ്രോജക്ട് ആയി നടപ്പാക്കിയത്)) പ്രകാരം ഗവ. എൽ.പി.എസ്. പ്രക്കാനം സ്കൂളിന് ലാപ്ടോപ്പ്, പ്രൊജക്ടർ, AC, ഇന്ററാക്ടീവ് ബോർഡ്, 20കസേരകൾ, മോഡം, സ്പീക്കർ എന്നിവ നൽകിയിട്ടുണ്ട്. പ്രക്കാനം ഗവ. എൽ.പി.എസിൽ ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ മേൽ സൂചിപ്പിച്ച ഉപകരണങ്ങൾ എല്ലാം തന്നെ റീഡിംഗ് റൂമിൽ സജ്ജീകരിച്ചിട്ടുണ്ട് എന്ന് കണ്ടു. എന്നാൽ റീഡിംഗ് റൂം മഴ പെയ്യുന്ന വേളയിൽ ചോർന്നൊലിക്കുന്ന നിലയിലാണ്. ആയതിനാൽ ഉപകരണങ്ങൾക്ക് കേടുപാടുകൾ സംഭവിക്കാൻ സാദ്ധ്യത കൂടുതലാണ്.

കൂടാതെ 2016-17 ലും എൽ.പി.സ്കൂൾ സമാർട്ട് ക്ലാസ് റൂം (S0064/17) എന്ന പ്രോജക്ട് പ്രകാരം ഇതേ സ്കൂളിന് തന്നെ പ്രൊജക്ടർ, സ്മാർട്ട് ബോർഡ്, സീലിംഗ് മൗണ്ട് കിറ്റ്, സൗണ്ട് സിസ്റ്റം, ഡെസ്ക്ടോപ്പ് കമ്പ്യൂട്ടർ, 20 കസേരകൾ, മോഡം, എന്നിവ ലഭിച്ചിരുന്നു. ഇതിൽ പ്രൊജക്ടർ, സ്മാർട്ട് ബോർഡ്, സീലിംഗ് മൗണ്ട് കിറ്റ് എന്നിവ പ്രഥമ അദ്ധ്യാപികയുടെ റൂമിലാണ് സ്ഥാപിച്ചിട്ടുള്ളത്. രണ്ടു സാമ്പത്തിക വർഷങ്ങളിലും സ്മാർട്ട് ക്ലാസ് റൂമിനായി ലഭിച്ച ഉപകരണങ്ങൾ നിലവിൽ പ്രവർത്തിപ്പിക്കുന്നതിന് സാങ്കേതിക പരിജ്ഞാനമുള്ള അദ്ധ്യാപകരില്ല. ഉപകരണങ്ങൾ നിലവിൽ പൊടിപിടിച്ച അവസ്ഥയിലാണ്.

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 06.01.18 ലെ സ.ഉ.(സാ.ധാ.)നം.97/2018 ഉത്തരവ് പ്രകാരം സ്കൂളുകൾക്ക് ആവശ്യമായ ഐ.സി.ടി. ഹാർഡ്‌വെയർ ഉപകരണങ്ങളുടെ ലിസ്റ്റിൽ എ.സി. ഉൾപ്പെടുത്തിയിട്ടില്ല. കൂടാതെ സ്കൂളുകളിലേക്ക് നൽകുന്ന ഐ.സി.ടി. ഉപകരണങ്ങൾക്ക് 5 വർഷ വാറണ്ടി ഉറപ്പാക്കേണ്ടതാണ്. എന്നാൽ രേഖകൾ പരിശോധിച്ചതിൽ ഉപകരണങ്ങൾക്ക് 3 വർഷത്തെ വാറണ്ടി മാത്രമാണ് ഉള്ളത്. അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (12/28.10.19) മറുപടിയായി കമ്പ്യൂട്ടറുകൾ $30^0$c -ൽ താഴെ സൂക്ഷിക്കേണ്ടതിനാലാണ് AC വാങ്ങിയതെന്നും 5 വർഷ വാറണ്ടിയുള്ള ഉപകരണങ്ങൾക്ക് 20%അധിക തുക നൽകേണ്ടി വരുമെന്നും ഫണ്ടിന്റെ അപര്യാപ്തത കാരണമാണ് 3വർഷ വാറണ്ടിയുള്ള ഉപകരണങ്ങൾ വാങ്ങിയതെന്നും നിർവ്വഹണോദ്യോഗസ്ഥ അറിയിച്ചു.

തുടർന്നുള്ള വർഷങ്ങളിൽ പദ്ധതി ആസൂത്രണം ചെയ്യുമ്പോൾ ഐ.സി.ടി. ഹാർഡ്‌വെയർ ഉപകരണങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഉപകരണങ്ങൾ മാത്രം സ്ഥാപിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. എൽ.പി. സ്കൂൾ

പ്രക്കാനത്തിന് സ്മാർട്ട്ക്ലാസ് റൂമിനായി 2016-17, 17-18 വർഷങ്ങളിൽ ലഭിച്ച ഉപകരണങ്ങൾ പ്രവർത്തനക്ഷമമാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതും റീഡിംഗ് റൂമിലെ മേൽക്കൂരയുടെ കേടുപാടുകൾ പരിഹരിക്കേണ്ടതുമാണ്.

## 1-21 സർക്കാരിന്റെ നിർദ്ദേശത്തിനു വിരുദ്ധമായി ടെണ്ടർ കൂടാതെ ഉപകരണങ്ങൾ വാങ്ങി

മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19-ൽ നടപ്പിലാക്കിയ 'മഞ്ഞിനിക്കര പി.എച്ച്.സിയ്ക്ക് ഫർണിച്ചറും ആശുപത്രി ഉപകരണങ്ങൾ വാങ്ങലും' എന്ന പ്രോജക്ടിന്റെ ഭാഗമായി സിഡ്കോയിൽ നിന്നും 170375രൂപയുടെ ആശുപത്രി ഉപകരണങ്ങൾ (ബിൽ നമ്പർ 459014/21.03.2019-52906 രൂപ , ബിൽ നമ്പർ 411843/ 08.08.2018-117469 രൂപ) വാങ്ങിയിട്ടുണ്ട്.

സിഡ്കോയുടെ വെബ്സൈറ്റ് പരിശോധിച്ചതിൽ സ്ഥാപനം സ്വന്തമായി ആശുപത്രി ഉപകരണങ്ങൾ ഉത്പാദിപ്പിക്കുന്നില്ല എന്ന് വ്യക്തമായിട്ടുണ്ട്. സ്ഥാപനങ്ങളുടെ ഉത്പാദന യൂണിറ്റുകളിൽ നിർമ്മിക്കാത്ത ഉപകരണങ്ങൾ ഒന്നും തന്നെ ടെണ്ടർ നടപടികൾ കൂടാതെ വാങ്ങരുതെന്നും വാങ്ങിയാൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ വ്യക്തിഗത ബാധ്യതയാകുമെന്നും 4/9/2002 ലെ 2117/02/SPD സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്.

ടെണ്ടർ നടപടികൾ ഒഴിവാക്കി സാധന സാമഗ്രികൾ സർക്കാർ/അർദ്ധസർക്കാർ/ഗവൺമെന്റ് അംഗീകൃത ഏജൻസികൾ എന്നിവയിൽ നിന്നും നേരിട്ട് വാങ്ങുന്നത് ഈ സ്ഥാപനങ്ങൾ സ്വയം നിർമ്മിക്കുന്നവ മാത്രമായിരിക്കണമെന്ന് 2/12/2016ലെ ജി.ഒ(ആർ.ടി)3299/2016/തസ്വഭവ നമ്പർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. അല്ലാത്തവ ഓപ്പൺ ടെണ്ടർ മുഖേന വാങ്ങണം. ആയതിനാൽ ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ വാങ്ങലുകൾ നടത്താൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്. ഈ വിഷയം തുടർ നടപടികൾക്കായി ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-22 മുൻകൂർ തുക നൽകി - നാളിതുവരെ മരുന്നുകളും ഉപകരണങ്ങളും ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പാലിയേറ്റീവ് പരിചരണ പദ്ധതി (പ്രോ.നം. 20/2019), കുടുംബാരോഗ്യ കേന്ദ്രത്തിന് മരുന്ന വാങ്ങൽ (പ്രോ.നം. 62/2019) എന്നീ പദ്ധതികളുടെ ഭാഗമായി മരുന്നുകളും ഉപകരണങ്ങളും വാങ്ങുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് മുൻകൂറായി പണം നൽകിയിട്ടുണ്ട്. എന്നാൽ മരുന്നുകളും ഉപകരണങ്ങളും പൂർണ്ണമായി ലഭ്യമായിട്ടില്ല. ലഭ്യമാകാത്ത മരുന്നുകളുടേയും ഉപകരണങ്ങളുടേയും വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോ.നം | ബിൽ/ചെക്ക് നമ്പർ, തീയതി | നൽകിയ തുക(രൂപ) | ലഭിക്കാൻ അവശേഷിക്കുന്ന മരുന്നുകളുടെ/ഉപകരണങ്ങളുടെ വില |
|---|---|---|---|---|
| 1. | (പ്രോ.നം. 20/2019) | ചെക്ക് നമ്പർ 2967691/19.02.2019 (റ്റി.എസ്സ്.ബി) | 500000 | 422916 |
| 2. | (പ്രോ.നം. 20/2019) | ചെക്ക് നമ്പർ 2967691/19.02.2019 (റ്റി.എസ്സ്.ബി) | 130000 | 115250 |
| 3. | (പ്രോ.നം. 20/2019) | ബിൽ നമ്പർ 219866 /21.03.2019 | 514231 | 514231 |
| 4. | | | | |

| | | | | |
|---|---|---|---|---|
| | (പ്രോ.നം. 62/2019) | ബിൽ നമ്പർ 1459007/21.03.2019 | 18923 | 18923 |
| 5. | (പ്രോ.നം. 62/2019) | ബിൽ നമ്പർ 378021/28.07.2018 | 391195 | 391195 |

മരുന്നുകൾ ലഭ്യമാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

# 1-23 ഗ്രാമസഭയുടെ അംഗീകാരം വാങ്ങാതെ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകി

| | |
|---|---|
| പദ്ധതിയുടെ പേര് | ബിരുദ ബിരുദാനന്തര പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് മെറിട്ടോറിയസ് സ്കോളർഷിപ്പ് ( S056/19) |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഹെഡ്മിസ്ട്രസ്സ് |
| അടങ്കൽ തുക | വികസനഫണ്ട് (എസ്.സി.പി.) -151712 |
| ചെലവു തുക | 19000(Bill no.6/18-19 dtd 15.03.19)<br>53000(Bill no.5/18-19 dtd 15.03,19)<br>77000(Bill no.4/18-19 dtd 15.03.19) |

പദ്ധതിയുടെ രേഖകൾ പരിശോധിച്ചതിൽ ആനുകൂല്യം കൈപ്പറ്റിയ താഴെ പറയുന്നവർ ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല എന്ന് കണ്ടു.

| ക്രമനം. | പേര് | പഠിക്കുന്ന കോഴ്സ് | കൈപ്പറ്റിയ ധനസഹായം |
|---|---|---|---|
| 1. | സോയധാ രവീന്ദ്രൻ | ബി.എ | 19000 |
| 2. | രമ്യാ രവി | ബി.കോം | 19000 |
| 3. | സാന്ദ്രാ സനിൽ | ബി.എസ്.സി | 19000 |
| 4. | മിഥുൻ വി. | ഡിപ്ലോമ | 15000 |
| 5. | ആതിര സി.ആർ | ബി.എസ്.സി | 19000 |
| 6. | പ്രവീണ പി.വി. | ബി.എ | 19000 |
| 7. | സൂര്യ എസ്. | ബി.കോം. | 19000 |

ബഹു. കേരള ഹൈക്കോടതിയുടെ 04.04.1997 -ലെ ഒ.പി.നം.18175/96/എൻ കേസിലെ വിധിന്യായത്തിൽ പഞ്ചായത്തുകൾ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാനുള്ള അധികാരസ്ഥാനങ്ങൾ അല്ലെന്നും ഗ്രാമസഭയ്ക്ക് മാത്രമാണ് അതിനുള്ള അവകാശമെന്നും വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ പഞ്ചായത്ത് കമ്മിറ്റി തെരഞ്ഞെടുത്ത ഗുണഭോക്താക്കളെ പിന്നീടുള്ള ഗ്രാമസഭയിലൂടെ അംഗീകരിച്ചതിന്റെ വിവരം രേഖാമൂലം ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

# 1-24 സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ-പ്രവൃത്തികൾ പൂർത്തീകരിച്ചില്ല

കെ.എസ്.ഇ.ബി മുഖേന വിവിധ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ പ്രവൃത്തികൾക്ക് തുക ഡെപ്പോസിറ്റ് ചെയ്തുവെങ്കിലും അവ പൂർത്തീകരിച്ചില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ചെക്ക് നം., തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 133/2019 സ്ട്രീറ്റ് ലൈറ്റ് എക്സ്റ്റൻഷൻ | 59/20.10.17<br>66/10.11.17<br>67/10.11.17<br>92/30.11.2017<br>17/16.05.2018<br>46/02.07.2018<br>47/02.07.2018 | 1147250 | 716830 | 430420 |
| -ടി- | 70/2019 ചെന്നീർക്കര വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 121/22.10.2018 | 225000 | 195914 | 29086 |

2018-19 ൽ മേൽ സൂചിപ്പിച്ച പദ്ധതികൾക്ക് കെ എസ് ഇ ബിയുമായി കരാർ ചമയ്ക്കാതെയാണ് തുക ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളത്. ആയത് ക്രമ വിരുദ്ധമായ നടപടിയാണ്. ടി.പദ്ധതികൾ പൂർത്തീകരിക്കേണ്ടതും നൽകിയ തുകകളുടെ പൂർണ്ണമായ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്

<u>ഡെപ്പോസിറ്റ് പ്രവൃത്തികളുടെ തുകകൾ സംബന്ധിച്ച് വാർഷിക കണക്കിലെ പിഴവ്</u>

വാർഷിക കണക്കിലെ B-18 ഷെഡ്യൂൾ പ്രകാരം 31.03.2019 ൽ കെഎസ് ഇ ബിയിൽ 1893246 രൂപയും വാട്ടർ അതോറിറ്റിയിൽ 608445 രൂപയും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുവാൻ അവശേഷിക്കുന്നതായി കാണിച്ചിട്ടുണ്ടെങ്കിലും രജിസ്റ്ററിലെ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും ടി പിഴവ് ചൂണ്ടിക്കാട്ടിയിട്ടുണ്ട്. വാർഷിക കണക്കുകളിലെ അപാകതകൾ പരിഹരിക്കേണ്ടതും ഡെപ്പോസിറ്റ് തുകകളുടെ വിനിയോഗ സാക്ഷ്യപത്രം വാങ്ങി സാംഖ്യയിലെ ബാലൻസ് തുകകൾ ക്രമീകരിക്കേണ്ടതുമാണ്. കൂടാതെ, വിനിയോഗിക്കാതെ നിർവ്വഹണ ഏജൻസികളിൽ അവശേഷിക്കുന്ന തുക തിരികെ ഈടാക്കേണ്ടതുമാണ്.

## 1-25 ടെണ്ടർ നടപടി ക്രമപ്രകാരമല്ല-കുറഞ്ഞ നിരക്കിലുള്ള ഉപകരണങ്ങൾ വാങ്ങിയില്ല

ഐ.സി.ഡി.എസ്സ് സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ ശിശു മന്ദിരം, 43, 47 നമ്പർ അങ്കണവാടികൾ മാതൃകാ അങ്കണവാടികളാക്കി മാറ്റൽ എന്ന പ്രോജക്ടിന്റെ ഭാഗമായി പ്രസ്തുത അങ്കണവാടികൾക്ക് കളിപ്പാട്ടങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്. 25 ഇനങ്ങളിലുള്ള കളിപ്പാട്ടങ്ങൾ വാങ്ങുന്നതിനായിരുന്നു ടെണ്ടർ ക്ഷണിച്ചത്. കിഡ്സ് വേൾഡ് പത്തനംതിട്ട, പാറപ്പാട്ട് കടയ്ക്കൽ ഇലഞ്ഞൂർ എന്നീ രണ്ടു സ്ഥാപനങ്ങളിൽ നിന്നാണ് ടെണ്ടറുകൾ ലഭിച്ചത്. വില ക്വോട്ട് ചെയ്തതിൽ മുഴുവൻ കളിപ്പാട്ടങ്ങൾക്കുമായി കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത കിഡ്സ് വേൾഡിന്റെ ടെണ്ടറാണ് അംഗീകരിച്ചതും ടി സ്ഥാപനത്തിൽ നിന്നാണ് വാങ്ങലുകൾ നടത്തിയതും. എന്നാൽ എല്ലായിനങ്ങളിലും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്തത് പ്രസ്തുത സ്ഥാപനമല്ല. ചിലയിനങ്ങളിൽ പാറപ്പാട്ട് കടയ്ക്കൽ എന്ന സ്ഥാപനമാണ് കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്തത്.

ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ | ഇനം | ക്വോട്ട് ചെയ്ത തുക(രൂപ) | |
|---|---|---|---|
| | | കിഡ്സ് വേൾഡ് | പാറപ്പാട്ട് |
| 1. | ഫാം ആനിമൽസ് | 550 | 225 |
| 2. | വൈൽഡ് ആനിമൽസ് | 550 | 225 |
| 3. | ക്ളോക്ക് മോഡൽ | 400 | 80 |
| 4. | എ ബി സി ബ്ളോക്ക് | 265 | 90 |
| 5. | ടോയ്സ് ഓഫ് വെഹിക്കിൾസ് | 250 | 220 |

സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 9.18(iv) പ്രകാരം ടെണ്ടർ പരിഗണിക്കുമ്പോൾ ഓരോ ഇനത്തിന്റെയും കുറഞ്ഞ നിരക്ക് പരിഗണിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. മൊത്തത്തിലുള്ള നിരക്കുകൾ പരിഗണിക്കാതെ ഓരോ ഇനത്തിനും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്തത് പരിഗണിച്ച് വാങ്ങലുകൾ നടത്തിയിരുന്നെങ്കിൽ ഇത്രയും തുക ചെലവഴിക്കേണ്ടതില്ലായിരുന്നു. ഭാവിയിൽ ഒന്നിലധികം ഇനങ്ങളുടെ വാങ്ങലുകൾ നടത്തുമ്പോൾ ഓരോ ഇനത്തിനും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്തത് ഏത് സ്ഥാപനമെന്നത് പരിഗണിച്ച് വാങ്ങലുകൾ നടത്താൻ ശ്രദ്ധിക്കേണ്ടതാണ്. വരും വർഷങ്ങളിൽ വാങ്ങലുകൾ നടത്തുമ്പോൾ ഇത്തരത്തിലുള്ള അപാകത ആവർത്തിക്കുന്ന പക്ഷം കൂടിയ നിരക്കിൽ വാങ്ങുന്നത് മൂലമുണ്ടാകുന്ന നഷ്ടം നിർവ്വഹണോദ്യോഗസ്ഥന്റെ ബാദ്ധ്യതയായി നിജപ്പെടുത്തുന്നതായിരിക്കും.

# <u>ഭാഗം -2</u>

# <u>വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

### <u>[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]</u>

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

ഇല്ല

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുളള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

ഇല്ല

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 17.06.2019-19.06.2019 | നം :കെ.എസ്.എ.പി.റ്റി.എ. പി1/602(20)/2019 തീയതി : 19.06.2019 |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് ഇലന്തൂർ | 2018-19 | 170000 | 08/2019-നെൽക്യഷി വികസനം | 170000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് ഇലന്തൂർ | 2018-19 | 250000 | 20/2019-സാന്ത്വന പരിചരണ പരിപാടി | 250000 | 0 |
| ജില്ലാ പഞ്ചായത്ത് പത്തനംതിട്ട | 2018-19 | 500000 | | 500000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് ഇലന്തൂർ | 2018-19 | 300000 | 06/2019-ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 300000 | 0 |
| ജില്ലാ പഞ്ചായത്ത് പത്തനംതിട്ട | 2018-19 | 150000 | | 150000 | 0 |
| ജില്ലാ | 2018-19 | 200000 | 80/2019-അങ്കണവാടി | 200000 | 0 |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത് പത്തനംതിട്ട | | | പോഷകാഹാരം | | |
| ബ്ലോക്ക് പഞ്ചായത്ത് ഇലന്തൂർ | 2018-19 | 300000 | 08/2019-ക്ഷീരസഹകരണ സംഘങ്ങൾക്ക് പാൽ നൽകുന്ന കർഷകർക്ക് സബ്സിഡി | 300000 | 0 |

2 പ്രോജക്ടുകൾക്ക് പ്രോജക്ടിൽ വകയിരുത്തിയിരുന്നതിനേക്കാൾ കൂടുതൽ തുക ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി ലഭിച്ചിട്ടുണ്ട്. ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് നൽകുന്നതിന് 100000 രൂപയും നെൽക്കൃഷിക്ക് ഇൻസെന്റീവ് ആയി 25500 രൂപയും ചേർത്ത് ആകെ 125500 രൂപയാണ് അധികം ലഭിച്ചിട്ടുള്ളത് ടി.തുക 2019-20വർഷം 17.05.2019ലെ 21900122-ാം നമ്പർ വൗച്ചർ പ്രകാരം ബ്ലോക്ക് പഞ്ചായത്തിൽ തിരിച്ചടച്ചിട്ടുണ്ട്.

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 133/2019 സ്ട്രീറ്റ് ലൈറ്റ് എക്സ്റ്റൻഷൻ | 59/20.10.17<br>66/10.11.17<br>67/10.11.17<br>92/30.11.17<br>17/16.05.18<br>46/02.07.18<br>47/02.07.18 | 1147250 | 716830 | 430420 |
| -ടി- | 70/2019 ചെന്നീർക്കര വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 121/22.10.2018 | 225000 | 195914 | 29086 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| കെ.യു.ആർ.എഫ്.ഡി.സി-ലൈഫ് ഭവന വായ്പ | ജി.ഒ.(എം.എസ്) നം 100/2018/ എൽ.എസ്.ജി.ഡി തീയതി 30.07.2018 | 440000 | 0 | വികസന ഫണ്ട് അലോട്ട്മെന്റിൽ കുറവ് ചെയ്യുന്നതാണ്. | 0 | 440000 |

# 4-6 സ്ഥിര നിക്ഷേപം

**ഇല്ല**

# 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 6854 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ/ തീയതി |
|---|---|---|---|---|
| 2014-15 | 2-3(ബി) | 1854 | പോസ്റ്റ് മാസ്റ്റർ പ്രക്കാനം പോസ്റ്റോഫിസ് | 118050-104107/18.01.2019 |
| 2014-15 | 2-3(സി) | 5000 | സെയിൽസ് മാൻ ഇൻചാർജ്ജ് സപ്ലൈക്കോ മാവേലി സ്റ്റോർ ഊന്നുകൽ | 118050-103989/16.01.2019 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ നിന്ന് കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2013-14 | 3 | 2013-14 | 5.2.4(3) | ചെന്നീർക്കര ഗ്രാമപഞ്ചായത്തിലെ പ്രക്കാനം ഗവ. എൽ പി സ്കൂളിൽ പ്രീ പ്രൈമറി വിഭാഗത്തിന്റെ പ്രവർത്തനത്തിന് വേണ്ടി നിർമ്മിച്ച കെട്ടിടം ഉപയോഗശൂന്യമായി കാട് പിടിച്ച് കിടക്കുന്നു. നിർമ്മാണത്തിലെ അപാകത മൂലം ഈ കെട്ടിടം ഉപയോഗിക്കാൻ കഴിയുന്നില്ല | കെട്ടിടം 25 വർഷത്തിലേറെ പഴക്കമുള്ളതാണ്. കേന്ദ്ര പദ്ധതിയായിരുന്ന ഓപ്പറേഷൻ ബ്ലാക്ക് ബോർഡ് എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ടി ഫണ്ടും പിറ്റിഎ ഫണ്ടും ചേർത്താണ് കെട്ടിട നിർമ്മാണം 1989-90 കാലയളവിൽ പൂർത്തീകരിച്ചിട്ടുള്ളത്. ആയതിന്റെ ഫിറ്റ്നെസ്സിന്റെ വിവരം ലഭ്യമാക്കുന്നതിന് എൽ എസ് ജി ഡി അസിസ്റ്റന്റ് എഞ്ചിനിയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| 2014-15 | 2-2 | 2016-17 | അനുബന്ധം-3 | വസ്തു നികുതി കൃത്യമായി ഈടാക്കുന്നില്ല<br>1) മൊബൈൽ ടവറുകൾക്ക് വസ്തു നികുതി ഈടാക്കിയില്ല<br>2) അൺഎയ്ഡഡ് സ്കൂൾ, സ്വാശ്രയ സ്കൂൾ കെട്ടിടങ്ങൾക്ക് വസ്തു നികുതി ഈടാക്കുന്നില്ല. | 1) ചെന്നീർക്കര ഗ്രാമപഞ്ചായതിന്റെ പരിധിയിലുള്ള എല്ലാ മൊബൈൽ ടവറുകളുടെയും വസ്തു നികുതി നിർണയിച്ചിട്ടുള്ളതും 2018-19 വരെയുള്ള വർഷങ്ങളിലെ വസ്തുനികുതി ഈടാക്കിയിട്ടുള്ളതുമാണ്.<br>2) ജയ് മാതാ വിശ്വ വിദ്യാലയം ,ശാലോം പബ്ലിക്ക് സ്കൂൾ, പത്തനംതിട്ട പബ്ലിക്ക് സ്കൂൾ എന്നിവ ഉൾപ്പെടെയുള്ള എല്ലാ അൺ എയ്ഡഡ് സ്കൂളുകളിൽ നിന്നും വസ്തു നികുതി |

| | | | | | |
|---|---|---|---|---|---|
| | | | | | കുടിശ്ശിക ഇല്ലാതെ പിരിച്ചെടുത്തിട്ടുണ്ട്.<br>സെന്റ് ജോൺസ് കോളേജിന്റെ വസ്തു നികുതി ഈടാക്കുന്നതിലേക്ക് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചതിന്റെ ഫലമായി ടി കുടിശ്ശിക ഗഡുക്കളായി പത്തനംതിട്ട തഹസീൽദാരിൽ(ആർ.ആർ) നിന്നും ഗ്രാമപ്പഞ്ചായത്തിന് ലഭിച്ചിട്ടുണ്ട്. 2019-20ആദ്യപാദം വരെയുള്ള വസ്തു നികുതി ഈടാക്കിയിട്ടുണ്ട്. |
| 2014-15 | 2-3 | 2016-17 | അനുബന്ധം-4 | തൊഴിൽ നികുതി ഈടാക്കിയില്ല- നഷ്ടം 5500<br>എ) 2014-15 ൽ വിവിധ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിൽ കുറവുണ്ടായതിലൂടെ 1800 രൂപ നഷ്ടം<br>ബി) പോസ്റ്റ് ഓഫീസിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കുന്നില്ല<br>സി) സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നില്ല | 2-3(എ) ടി പരാമർശത്തിലുൾപ്പെട്ട എല്ലാ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്.<br>ബി) ടിപരാമർശത്തിലുൾപ്പെട്ട മുട്ടത്ത് കോണം, മാത്തൂർ എന്നീ പോസ്റ്റ് ഓഫിസുകളിലെ ജിവനക്കാരിൽ നിന്നും നികുതി തിരിക ഈടാക്കിയിട്ടുണ്ട്. പ്രക്കാനം പോസ്റ്റോഫിസിലെ ജിവനക്കാരുടെ തൊഴിൽ നികുതി 118050-104107/18.01.2019 പ്രകാരം പലിശ ഉൾപ്പെടെ ഈടാക്കിയിട്ടുണ്ട്.<br>പരാമർശത്തിലുൾപ്പെട്ട എല്ലാ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്.<br>സി)ഊന്നുകൽ സപ്ലൈകോ മാവേലി സ്റ്റോറിൽ നിന്നും സ്ഥാപന തൊഴിൽ നികുതി 118050-103989/16.01.2019-ാം നമ്പർ രസീത് പ്രകാരം പലിശ ഉൾപ്പെടെ ഈടാക്കിയിട്ടുണ്ട്. |
| 2015-16 | 2-1 | 2016-17 | അനുബന്ധം-5 | തൊഴിൽ നികുതി ഈടാക്കിയില്ല | 1. സെന്റ് ഏലിയാസ് സ്കൂൾ, മാത്തൂരിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്.<br>2. മുളമൂട്ടിൽ ഫൈനാൻസ്, ഊന്നുകൽ, മുളമൂട്ടിൽ ഫൈനാൻസ്, മുറിപ്പാറ എന്നീ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ |

| | | | | | |
|---|---|---|---|---|---|
| | | | | | ഈടാക്കുന്നതിന് സ്ഥാപന മേധാവിക്ക് കത്ത് നൽകിയിട്ടുണ്ട്. ടി നികുതി ഒടുക്ക് വരുത്താത്ത പക്ഷം റവന്യൂ റിക്കവറിക്കുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| 2015-16 | 2-2 | 2016-17 | അനുബന്ധം-4 | വ്യാപാരികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടിക്രമങ്ങൾ പാലിക്കുന്നില്ല | ഗ്രാമപഞ്ചായതിന്റെ പരിധിയിൽ പ്രവർത്തിച്ച് വരുന്ന തൊഴിൽ നികുതി ഒടുക്ക് വരുത്തേണ്ടതായ എല്ലാ വ്യാപാര സ്ഥാപന ങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.2018-19 വർഷത്തിൽ 100% നികുതി പിരിവ് ലക്ഷ്യം പൂർത്തീകരിച്ചിട്ടുമുണ്ട്. |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 70565378 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 58479926 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 487141 |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 487141 | ശ്രീ. ഹരികുമാർ.ജി, സെക്രട്ടറി |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

| | |
|---|---|
| ഖണ്ഡിക നമ്പർ | 1-15 |

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ഹരികുമാർ.ജി<br>സെക്രട്ടറി | സെക്രട്ടറി<br>കാട്ടാക്കട ഗ്രാമ പഞ്ചായത്ത് | ഗുരു പൂർണ്ണിമ<br>ടി.സി. നം 20/39(7)<br>കരമന പി.ഒ<br>തിരുവനന്തപുരം |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2001-02 (ജനകീയാസൂത്രണം) | എൽ.എഫ്.പി.റ്റി.എ.പി.3/227/04 തീയതി 05.08.2004 | 6 |
| 2001-02 (വരവ്) | എൽ.എഫ്.പി.റ്റി.എ.പി.3/1147/07 തീയതി 30.06.2008/31.10.2008 | 6 |
| 2002-03 (വരവ്) | എൽ.എഫ്.പി.റ്റി.എ.പി.3/1148/07 തീയതി 30.06.2008/31.10.2008 | 3 |
| 2002-03 (ഫൈനൽ) | എൽ.എഫ്.പി.റ്റി.എ.പി.3/144/07 തീയതി 23.08.2007/09.08.2007 | 4 |
| 2003-04 | എൽ.എഫ്.പി.റ്റി.എ.പി.11/17/07 തീയതി 10.07.2007/12.11.2007 | 12 |
| 2004-05 | എൽ.എഫ്.പി.റ്റി.എ.പി.11/212/09 തീയതി 19.09.2009 | 4 |
| 2005-06 | എൽ.എഫ്.പി.റ്റി.എ.പി.11/213/09 തീയതി 19.09.2009 | 4 |
| 2006-07 | എൽ.എഫ്.പി.റ്റി.എ.പി.6/553/11 തീയതി 18.03.2011 | 10 |
| 2007-08 | എൽ.എഫ്.പി.റ്റി.എ.പി.6/420/11 തീയതി 13.12.2011/13.05.2013 | 10 |
| 2009-10&2010-11 | എൽ.എഫ്.പി.റ്റി.എ.പി.12..../13 തീയതി 30.11.2013 | 1 |
| 2011-12 | എൽ.എഫ്.പി.റ്റി.എ.പി.12/514/13 തീയതി 30.11.2013/07.06.2014 | 1 |
| 2012-13&2013-14 | എൽ.എഫ്.പി.റ്റി.എ.പി.5/972/14 തീയതി 20.01.2015 | 2 |
| 2014-15 | കെ.എസ്.എ.പി.റ്റി.എ.പി5/609/2016തീയതി | 6 |

| | | |
|---|---|---|
| | 03.06.2016 | |
| 2015-16 | കെ.എസ്.എ.പി.റ്റി.എ.പി5/1209/2016<br><br>തീയതി 05.11.2016 | 3 |
| 2016-17 | കെ.എസ്.എ.പി.റ്റി.എ.പി5/820/2017<br><br>തീയതി 22.07.2017 | എല്ലാ ഖണ്ഡികകളും |
| 2017-18 | കെ.എസ്.എ.പി.റ്റി.എ.പി5/1534/2018<br><br>തീയതി 13.12.2018 | എല്ലാ ഖണ്ഡികകളും |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**പത്തനംതിട്ട ജില്ല**

# <u>അനുബന്ധം-1</u> <u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

നം.കെ.എസ്.എ.പി.റ്റി.എ.പി5/917/2019 തീയതി 03.12.2019

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും പത്തനംതിട്ട ജില്ലയിലെ **ചെന്നീർക്കര ഗ്രാമ പഞ്ചായത്തിന്റെ** 2018-19 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **ചെന്നീർക്കര ഗ്രാമ പഞ്ചായത്തിന്റെ** 2018-19ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**പത്തനംതിട്ട**

<u>AUDIT CERTIFICATE</u>

**No.KSAPTA.P5/917/2019** **Dated 03.12.2019**

Certified that I have Audited the Annual Financial Statement of **Chenneerkkara Grama Panchayat** in Pathanamthitta district for the year ended on 31.03.2019 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines isssued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of **Chenneerkkara Grama Panchayat** for the year 2018-19 except the observations in my audit report properly presents the picture of income and expenditure.

Deputy Director

Kerala State Audit Department

Pathanamthitta